ഉത്തരം

(എ&ബി) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ലൈബ്രറി ബ്ലോക്ക് നിർമ്മാണത്തിനായി 2010-2011-ലെ വർക്ക് ബഡ്ജറ്റിൽ 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും 1.86 ലക്ഷം രൂപ പ്രൊവിഷനും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ വനിതാഹോസ്റ്റൽ യു.ജി.സി.-യുടെ 11-ാം പദ്ധതിയിൽ ഉൾപ്പെടുത്തി പണി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 165 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ യു.ജി.സി. അനുവദിച്ച 80 ലക്ഷം രൂപ കിഴിച്ച് ബാക്കി ആവശ്യമായി വരുന്ന 85 ലക്ഷം രൂപ ചെലവഴിച്ച് പണി പൂർത്തിയാക്കുന്നതിന് ആവശ്യമായ ഭരണാനുമതി 29-1-2011-ലെ ജി.ഒ. (ആർ‌ടി.) നമ്പർ 152/2011/ ഉ.വി.വ. പ്രകാരം നൽകിയിട്ടുണ്ട്. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിനായി വർക്ക് ബഡ്ജറ്റിൽ എസ്റ്റിമേറ്റും പ്രൊവിഷനും ഉൾപ്പെടുത്തിയിട്ടില്ല. ടി നിർമ്മാണം വർക്ക് ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ടി കോളേജിൽ പശ്ചാത്തല സൗകര്യ വികസനത്തിന്റെയും പഠന സൗകര്യത്തിന്റെയും ഭാഗമായി പി.ജി.ക്ലാസ്സുകളുടെ നവീകരണത്തിനായി ഈ വർഷം 1,21,000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ എഡ്യൂസാറ്റ് പദ്ധതി നടപ്പാക്കുന്നതിനായി സാറ്റ്ലൈറ്റ് ഇന്ററാക്ടീവ് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2011-2012 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതാണ്. കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി National Mission on Education through Information Communication Technology പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി Internet Connectivity ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കൽപ്പറ്റ ഗവൺമെന്റ് കോളേജിന്റെ വികസനം

94(783) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ കൽപ്പറ്റ എൻ.എം.എസ്.എം. ഗവൺമെന്റ് കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് അദ്ധ്യാപക രക്ഷാകർതൃസമിതിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) അദ്ധ്യാപക രക്ഷാകർതൃസമിതിയുടെ 16-7-2010-ലെ നിവേദനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കോളേജിന്റെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) യൂണിവേഴ്സിറ്റി അംഗീകാരം ലഭിച്ച ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് കോഴ്സ് കോളേജിൽ ആരംഭിക്കുന്നതിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) യൂണിവേഴ്സിറ്റി അംഗീകാരം ലഭിച്ച എം.എ. ഇംഗ്ലീഷ് കോഴ്സ് കോളേജിൽ ആരംഭിക്കുന്നതിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം പരിശോധിച്ചുവരുന്നു.

(സി) കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2010-2011 സാമ്പത്തിക വർഷത്തിൽ താഴെ കൊടുത്തിട്ടുള്ള അക്കൗണ്ട് ശീർഷകത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

1. പി.ജി.ക്ലാസ്സ് മുറിയുടെ നവീകരണം - 1,21,000 രൂപ
2. എഡ്യൂസാറ്റ് വഴിയുള്ള ടെലിട്രെയിനിംഗ് -75,000 രൂപ
3. സ്റ്റുഡന്റ്സ് അമിനിറ്റീസ് - 7,00,000 രൂപ
4. കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണി/സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ - 3,00,000 രൂപ
5. ചെറുകിട നിർമ്മാണ പ്രവർത്തനം - 2,00,000 രൂപ

മുൻപറഞ്ഞവ കൂടാതെ തൊഴിലധിഷ്ഠിത അനുബന്ധ കോഴ്സുകൾക്കായി 25,000 രൂപയും, ഐ.റ്റി. ഗ്രിഡിനായി 50,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി&ഇ) ഇക്കാര്യം കോളേജ് വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചുവരുന്നു.

ഐ.എച്ച്.ആർ.ഡി.യിൽ നിന്നും ഇതര സ്ഥാപനങ്ങളിൽ നിന്നും പി.ജി.ഡി.സി.എ. യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കുന്നതിനുള്ള നടപടി

95(784) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എച്ച്.ആർ.ഡി.യിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly